>> എം. തസ്നീം മുഹമ്മദ് ബീനാച്ചി

# അയൽവാസി ബാധ്യതയാകുമ്പോൾ

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنهُ أَنَّ النَّبِيَّ ﷺ قَالَ: وَاللهِ لاَ يُؤْمِن، وَاللهِ لاَ يُؤْمِن، وَاللهِ لاَ يُؤْمِن قِيلَ: مَنْ يَا رَسُولَ اللهِ ؟ قَالَ: الَّذِي لاَ يَأْمَنُ جَارُهُ بَوَائِقَهُ

**നബി(സ) പറഞ്ഞതായി അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു: "അല്ലാഹുവാണ, അയാൾ വിശ്വാസിയല്ല. അല്ലാഹുവാണ, അയാൾ വിശ്വാസിയല്ല. അല്ലാഹുവാണ, അയാൾ വിശ്വാസിയല്ല." ഇതുകേട്ട് അനുയായികളിൽ ചിലർ ചോദിച്ചു: "ആരാണ് തിരുദൂതരേ?" നബി(സ) പറഞ്ഞു: "ഏതൊരുവന്റെ അയൽക്കാരൻ അവന്റെ ദ്രോഹത്തിൽനിന്നു നിർഭയനാകുന്നില്ലയോ അവൻ." (ബുഖാരി - മുസ്‌ലിം)**

**സത്യവിശ്വാസിക്ക്** അയൽക്കാരോടുള്ള കടമകളും ബാധ്യതകളും വിശ്വാസത്തിന്റെ ഭാഗമാണെന്ന് ഈ നബിവചനം പഠിപ്പിക്കുന്നു. അവരുമായി ബന്ധം വിഛേദിക്കുന്നത് ഈമാൻ ദുർബലപ്പെടുന്നതിന്റെ അടയാളമാണ്. അയൽപക്കബന്ധം സമൂഹത്തിൽ ആന്തരികമായ ബന്ധങ്ങൾ ഉണ്ടാക്കുന്നു. ജീവിതത്തിൽ നന്മയുടെ വസന്തം ഉണ്ടാക്കുന്നു.

നബി(സ) പറഞ്ഞു: "വിശ്വാസികളിൽ ഏറ്റവും പൂർണൻ സ്വഭാവത്തിൽ ഏറ്റവും ഉത്തമനും അയൽക്കാരനോടും കുടുംബത്തോടും ഏറ്റവുമധികം കരുണ കാട്ടുന്നവനുമാകുന്നു."

അയൽപക്കബന്ധം തകരുന്നതിന്റെ തിക്തഫലങ്ങൾ വേണ്ടുവോളം അനുഭവിച്ചുകൊണ്ടിരിക്കുന്ന സമൂഹമാണ് നമ്മുടേത്. അയൽക്കാരന്റെ പ്രയാസങ്ങൾ നേരിൽ കാണുമ്പോഴും അവർക്കു വേണ്ട സഹായങ്ങൾ എത്തിക്കാത്തവരാണ് നമ്മുടെ സമൂഹത്തിൽ പലരും. അയൽവാസികളോടുള്ള ബാധ്യത എത്രത്തോളം ഗൗരവമാണെന്ന് വ്യക്തമാക്കുന്ന മറ്റൊരു തിരുവചനം ഇങ്ങനെ: "അയൽക്കാരൻ പട്ടിണി കിടക്കുമ്പോൾ വയറു നിറച്ചുണ്ണുന്നവൻ നമ്മിൽപെട്ടവനല്ല." അയൽക്കാരുടെ വിശപ്പ് പരിഗണിക്കാതെ സ്വന്തം വിശപ്പ് മാത്രം മാറ്റുന്നവൻ മുസ്‌ലിമല്ല എന്നാണ് നബി(സ) പഠിപ്പിച്ചത്. അതുകൊണ്ടാണ് അയൽക്കാരോടുള്ള ആദരവ് വിശ്വാസത്തിന്റെ അനിവാര്യ താൽപര്യമാണെന്ന് പറയുന്നത്.

എന്നാൽ നബി(സ)യെ സ്നേഹിക്കുന്ന എത്ര പേർക്ക് ഇതെല്ലാം ജീവിതത്തിൽ മാതൃകയാക്കാൻ സാധിക്കുന്നുണ്ട്?

നല്ല ഭക്ഷണം കഴിക്കുമ്പോഴും അയൽവീട്ടിൽ പട്ടിണിയും പ്രയാസങ്ങളുമായി കഴിയുന്ന പാവങ്ങളെ കുറിച്ച് ഓർമയുണ്ടാവാറില്ല. ഉള്ളവന്റെ വീട്ടിൽ ധാരാളിത്തത്തിന്റെ ഗന്ധം പരക്കുമ്പോൾ ഇല്ലാത്തവന്റെ വീട്ടിൽ നിന്ന് ഉയരുന്ന നെടുവീർപ്പുകൾ കാണാൻ നമുക്ക് കഴിയണം. പഴയതലമുറയിൽ ഉണ്ടായിരുന്ന അയൽപക്ക ബന്ധങ്ങൾ ഇന്ന് കാണാൻ സാധിക്കുന്നില്ല. നബി(സ) പറയുന്നു: "ആരുടെ ശല്യത്തിൽ നിന്ന് അവന്റെ അയൽക്കാരൻ നിർഭയനല്ലയോ അവൻ സ്വർഗത്തിൽ പ്രവേശിക്കുന്നതല്ല" (മുസ്‌ലിം).

മുമ്പ്, കുറച്ച് വീട്ടുകാർക്ക് കുടിക്കാനും കുളിക്കാനും ഒരു കിണർ മതിയായിരുന്നു. സന്തോഷങ്ങളും ദുഃഖങ്ങളും പരസ്പരം പങ്കിടാനും അവർക്ക് കഴിഞ്ഞിരുന്നു. അന്ന് അരിക്കും ഉപ്പിനും ഓടിചെല്ലുന്നത് അയൽവീട്ടിലേക്കാണ്. ഇന്നത് മാറിയിരിക്കുന്നു. അയൽപക്ക സന്ദർശനങ്ങളും പരസ്പര സ്നേഹാന്വേഷണങ്ങളും എല്ലാം കുറഞ്ഞു. ഒഴിവ് സമയത്തും നമുക്ക് തിരക്കാണ്. മരണ വിവരം അറിഞ്ഞാൽ പോലും ഒന്നുപോയി കണ്ടെന്ന് വരുത്തും. നഷ്ടമാകുന്ന നന്മകളെ കുറിച്ച് നമുക്ക് വേദനയില്ല. അയൽക്കാരന്റെ 'ശല്യ'ങ്ങളിൽനിന്ന് രക്ഷനേടാൻ വലിയ മതിലുകൾ കെട്ടിയുണ്ടാക്കുന്നു.

മിത്രമാവേണ്ട അയൽവാസി ഒരു നാൾ ശത്രുവായി നമുക്കെതിരെ തിരിഞ്ഞാൽ നാം ആരെയാണ് കുറ്റപ്പെടുത്തുക? അവരുടെ അവകാശങ്ങൾ വകവെച്ചു കൊടുക്കുന്നതിനു പകരം, കണ്ണീരും പ്രയാസവുമായി കഴിയുന്നവരുടെ മുമ്പിൽ ധിക്കാരത്തിന്റെയും അഹങ്കാരത്തിന്റെയും പൊങ്ങച്ചത്തിന്റെയും ധൂർത്തിന്റെയും രൂപങ്ങളാണ് നമുക്ക് സമർപ്പിക്കാനുള്ളതെങ്കിൽ അതിന്റെ ഫലം പരലോകത്തും അനുഭവിക്കേണ്ടിവരും. റസൂൽ(സ) പറഞ്ഞു: "ജിബ്‌രീൽ (അ) അയൽവാസിയിലൂന്നി തുടർച്ചയായി എന്നെ ഉപദേശിച്ചുകൊണ്ടിരുന്നു. ജിബ്‌രീൽ അയൽവാസിയെ അനന്തരാവകാശിയായി നിശ്ചയിക്കുമോയെന്ന് തോന്നിപോകുവോളം."

"വല്ലവനും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ അയൽക്കാരനെ ആദരിക്കട്ടെ" (ബുഖാരി - മുസ്‌ലിം).

അയൽവാസിയുടെ അവകാശങ്ങൾ വകവെച്ചു കൊടുക്കുകയും സന്തോഷ സന്താപങ്ങളിൽ പങ്കുചേരുകയും ചെയ്യൽ ഓരോ സത്യവിശ്വാസിയുടെയും കടമയാണ്. സ്വന്തം വീടിനു മുമ്പിലൂടെ അയൽക്കാരൻ നടക്കുന്നത് പോലും സഹിക്കാൻ കഴിയാത്തവരാണ് പലരും. ഇങ്ങനെ അയൽക്കാരെ മാനിക്കുകയും സഹായിക്കുകയും ചെയ്യാത്തവരുടെ ദൈവ വിശ്വാസവും പരലോക വിശ്വാസവും കൊണ്ട് എന്ത് ഫലം?! ■